പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1725 05.12.2014 ലെ മറുപടിയ്ക്ക്

# സർക്കാർ കൊടുത്തുതീർക്കാനുള്ള തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | താഴെപ്പറയുന്ന ഇനങ്ങളിൽ എന്ത് തുക വീതമാണ് കൊടുത്തുതീർക്കാനുള്ളതെന്ന് ഒടുവിലത്തെ കണക്കുകൾ പ്രകാരം വ്യക്തമാക്കാമോ ?<br><br>(1) കൃഷിക്കാർക്കുള്ള സബ്സിഡികൾ<br>(2) കൃഷിക്കാർക്കുള്ള ക്രഡിറ്റ് റിലീഫ്<br>(3) നെല്ല് സംഭരണ സബ്സിഡി<br>(4) റബ്ബർ സംഭരണ സബ്സിഡി<br>(5) കർഷകർക്കുള്ള പെൻഷൻ | (എ) | <u>(1) കൃഷിക്കാർക്കുള്ള സബ്സിഡികൾ</u><br><br>സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖേന കൃഷിക്കാർക്കുള്ള സബ്സിഡി ഇനത്തിൽ ആകെ 369.011 കോടി രൂപയാണ് 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിച്ചത്. ഇതിൽ 158.429 കോടി രൂപ 15.11.2014 വരെ ഈ പേയ്മെന്റ് വഴി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇനിയും കൊടുത്തു തീർക്കാനുള്ള തുക 210.582 കോടി രൂപ<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 2014-15 സാമ്പത്തിക വർഷം 68.11 കോടി രൂപയാണ് സബ്സിഡി ഇനത്തിൽ കർഷകർക്ക് നൽകാനായി അനുവദിച്ചിട്ടുള്ള ടി പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. സബ്സിഡി തുക എത്രയും പെട്ടെന്ന് കർഷകർക്ക് നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br><u>(2) കൃഷിക്കാർക്കുള്ള ക്രഡിറ്റ് റിലീഫ്</u><br><br>കൃഷി വകുപ്പ് മുഖേന കാർഷിക വായ്പ അനുവദിക്കുന്നില്ല. പൊതുമേഖലാ ബാങ്കുകൾ (സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പ്, ദേശസാൽകൃത ബാങ്കുകൾ, കേരളാ ഗ്രാമീൺ ബാങ്ക്), സഹകരണ ബാങ്കുകൾ മുതലായവയാണ് കാർഷിക വായ്പ അനുവദിക്കുന്നത്. |

രൂക്ഷമായ കാർഷിക പ്രതിസന്ധിയെ തുടർന്ന് സാമ്പത്തിക തകർച്ച നേരിട്ട് കടത്തിലാകുകയും, സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തതുമായ കർഷകരുടെ കടങ്ങളിൽ കടാശ്വാസ കമ്മീഷൻ ശുപാർശ നടത്തി വരുന്നു. സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കർഷകർക്ക് കടാശ്വാസം അനുവദിക്കുന്നതിനായി ബന്ധപ്പെട്ട കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് വരവ് വയ്ക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് തുക അനുവദിക്കുന്നു.

(3) നെല്ല് സംഭരണ സബ്സിഡി

2014-15 ഒന്നാം സീസണിൽ നാളിതു വരെ കർഷകരിൽ നിന്നും 127055.814 മെട്രിക് ടൺ നെല്ല് സപ്ലൈകോ സംഭരിച്ചു. ഇതിന്റെ വിലയായ 241 കോടി രൂപയിൽ 181 കോടി രൂപ കർഷകർക്ക് നെൽ വിലയായി നൽകിയിട്ടുണ്ട്. ബാക്കി നൽകാനുള്ളത് 60 കോടി രൂപയാണ്. നെല്ല് സംഭരണ സബ്സിഡിയായി 151 കോടി രൂപ സപ്ലൈകോയ്ക്ക് ലഭിക്കാനുണ്ട് എന്നു കാണുന്നു.

(4) റബ്ബർ സംഭരണ സബ്സിഡി

റബ്ബർ സംഭരിച്ച ഇനത്തിൽ കർഷകർക്ക് കിലോഗ്രാമിന് അധികം നൽകിയ തുക ഉൾപ്പെടെ 44.63 ലക്ഷം രൂപ ഫെഡറേഷന് ലഭിക്കാനുണ്ട് എന്ന് കാണുന്നു.

(5) കർഷകർക്കുള്ള പെൻഷൻ
81.82 കോടി രൂപ

സെക്ഷൻ ഓഫീസർ